# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1443.

10.02.2020- ൽ മറുപടിയ്ക്ക്

### <u>കൃഷി സംരക്ഷണം</u>

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. എം. വിൻസെന്റ്** | | **ശ്രീ. വി. എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** |
| (എ) | കാലാവസ്ഥ വ്യതിയാനങ്ങളെ പ്രതിരോധിക്കുവാൻ പര്യാപ്തമായ കൃഷി സംരക്ഷണം, ഈ കാലഘട്ടത്തിൽ അനിവാര്യ മാണെന്നിരിക്കെ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊ ക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (എ) | സർക്കാർ ഉത്തരവ് സ.ഉ (എം.എസ്) നമ്പർ 66/2019/അഗ്രി തീയതി 25/05/2019 പ്രകാരം കേരളത്തിലെ കാർഷിക മേഖലയെ 5 അഗ്രോ ഇക്കോളജിക്കൽ സോണുകളായി തരംതിരിച്ചിട്ടുണ്ട്. ആയതിന്റെ വെളിച്ചത്തിൽ അടുത്ത സാമ്പത്തിക വർഷത്തിൽ കേരളത്തിനെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റു കളായി തരംതിരിച്ചാണ് കൃഷി വകുപ്പിന്റെ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഓരോ അഗ്രോ ഇക്കോള ജിക്കൽ യൂണിറ്റിലും അവിടുത്തെ കാലാവസ്ഥയ്ക്കും മണ്ണിനും ഭൂപ്രകൃതിക്കും അനുയോജ്യമായ വിളകൾ കാർഷിക സർവകലാശാല തരംതിരിച്ച് പ്രസിദ്ധീ കരിച്ചിട്ടുണ്ട്. |
| (ബി) | മണ്ണിന്റെ സ്വഭാവമാറ്റം അടിസ്ഥാ നമാക്കി കേരളത്തെ അഞ്ച് ആഗ്രോ ഇക്കോളജിക്കൽ സോണ കളാക്കി തിരിച്ച് കൃഷി നടത്തുന്ന തിനുള്ള പദ്ധതി വകുപ്പ് ആവിഷ്കരി ച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജലലഭ്യതയും കണക്കിലെടുത്തിട്ടാണോ ഓരോ മേഖലയ്ക്കും അനുയോജ്യമായ കൃഷിസമ്പ്രദായം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദ മാക്കാമോ; | (സി) | അതേ, ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിലും അവിടുത്തെ കാലാവസ്ഥയ്ക്കും മണ്ണിനും ഭൂപ്രകൃതിക്കും അനുയോജ്യമായ വിളകൾ കാർഷിക സർവ്വകലാശാല തരംതിരിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഓരോ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റിലെയും പദ്ധതികൾ തീരുമാനിക്കുന്നത്. |
| (ഡി) | ഇതിലൂടെ തളർച്ചയിലായിട്ടുള്ള സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് പുനർജീവൻ നൽകുവാൻ കഴിയുമെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. ഓരോ കാലാവസ്ഥയ്ക്കും മണ്ണിനും അനുയോജ്യമായ വിളകൾ നിശ്ചയിച്ചാണ് ഓരോ അഗ്രോ ഇക്കോളജി യൂണിറ്റിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. ആയതു കൊണ്ട് ആ വിളയുടെ പരമാവധി ഉല്പാദനം ആ പ്രദേശത്തു നിന്നും ലഭിക്കും. ഗുണമേന്മയുള്ളതും കൃത്യമായ അളവിലും ഉല്പാദനോപാധികൾ നൽകുന്നത് കൊണ്ട് ഉല്പാദനക്ഷമതയും വർധിക്കും. ഈ ഉല്പന്നങ്ങളുടെ വിപണന സംവിധാനവും പദ്ധതി ആസൂത്രണത്തിൽ ഉൾപ്പെടുത്തുന്നു. കൂടാതെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉല്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ.